പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ 06.07.2015 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 1707

## കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്.ശർമ്മ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ആറുമാസത്തിലധികം താമസം നേരിടുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ലോൺ എടുത്തും പലിശയ്ക്ക് പണം കടമെടുത്തും വീട് നിർമ്മിക്കുന്നതിന് തയ്യാറെടുക്കുന്ന തീരദേശവാസികളുടെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു. |
| (ബി)അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; | (ബി) കഴിഞ്ഞ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ കാലാവധി 2014 ഡിസംബർ 19 ന് അവസാനിച്ചിരുന്നു. തുടർന്ന് പുതിയ അതോറിറ്റി പുനഃസംഘടിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം സംസ്ഥാന സർക്കാരിന് ലഭ്യമായത് 2015 ഏപ്രിൽ നാലാം തീയതി മാത്രമാണ്. ഈ കാലയളവിൽ അതോറിറ്റി പ്രവർത്തിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതിന് കാരണമായി. തുടർന്ന് ഏപ്രിൽ മെയ് മാസങ്ങളിൽ അതോറിറ്റി കൂടി കഴിയുന്നിടത്തോളം അപേക്ഷകൾ തീർപ്പാക്കിവരുന്നു. തുടർന്നുള്ള എല്ലാ മാസവും അതോറിറ്റി യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) കെ.സി.ഇസഡ്.എം.എ. മുമ്പാകെ എത്തുന്ന അപേക്ഷകളിൽ ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?; | (സി) അപേക്ഷകളിൽ എത്രയും വേഗം തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ